**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** | **09-06-2021 - ൽ മറുപടിയ്ക്ക്**

**മരണപ്പെടുന്ന മത്സ്യതൊഴിലാളികൾക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ തീരപ്രദേശത്ത് കഴിഞ്ഞ കുറച്ച് കാലങ്ങളായി ധാരാളം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ടുകൊണ്ടിരിക്കുന്നതും പൊഴി മുഖത്ത് വച്ചാണ് ഏറെയും അപകടങ്ങൾ ഉണ്ടാകാറുള്ളത് എന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ നിരന്തരമായി സംഭവിച്ച് കൊണ്ടിരിക്കുന്ന അപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നാളിതുവരെയായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. |
| (സി) | മേൽപ്പറഞ്ഞ തരത്തിൽ അപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനം മത്സ്യബന്ധന കേന്ദ്രങ്ങളോട് ചേർത്ത് സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള സംവിധാനം മത്സ്യബന്ധന കേന്ദ്രങ്ങളോട് ചേർത്ത് സ്ഥാപിച്ചിട്ടില്ല. എന്നാൽ കടൽക്ഷോഭങ്ങളിലും പ്രകൃതി ക്ഷോഭങ്ങളിലും പെട്ട് അപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുക, അവർക്ക് പ്രാഥമിക ശുശ്രൂഷ നൽകുക, കഴിയുന്നത്ര വേഗം കരയിലെത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെ തിരുവനന്തപുരം , എറണാകുളം, കോഴിക്കോട് എന്നീ മൂന്ന ജില്ലകളിലായി 3 മറൈൻ ആംബുലൻസുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന ബോട്ടുകൾക്കും മരണപ്പെടുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | അപകടത്തിൽപ്പെടുന്ന യാനങ്ങൾക്കു ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രീമിയം തുകയിൽ സർക്കാർ വിഹിതം 90% വും ഗുണഭോക്തൃ വിഹിതം 10%. വുമായിട്ടാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. 2019-20 സാമ്പത്തിക വർഷം |

| | | | |
|---|---|---|---|
| | | | മുതൽ എഞ്ചിനുകൾക്കും കൂടി കവറേജ് ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ ടെൻഡറിലൂടെ തെരെഞ്ഞെടുത്ത യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമായ ടി പദ്ധതിയിൽ എല്ലാ മത്സ്യത്തൊഴിലാളികളെയും അംഗമാക്കുന്നതിനുള്ള ബോധവത്കരണം നടത്തിവരുന്നുണ്ട് . കൂടാതെ പ്രകൃതിക്ഷോഭത്തിലോ, കടൽക്ഷോഭത്തിലോപെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളിക ൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധന സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന/ മരണപ്പെടുന്ന തൊഴിലാളികൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെങ്കിൽ മത്സ്യതൊഴിലാളികൾക്കും അനുബന്ധമത്സ്യതൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് കവറേജ് ലഭ്യമാക്കിയിട്ടുണ്ട്. അത് പ്രകാരം മൽസ്യബന്ധനത്തിനിടയിൽ മരണപ്പെടുന്ന മത്സ്യത്തൊഴി ലാളികളുടെ ആശ്രിതർക്ക് ചുവടെ പറയും പ്രകാരം ധന സഹായം അനുവദിക്കുന്നുണ്ട് . അപകട മരണം - 10 ലക്ഷം രൂപ മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതായാൽ -10 ലക്ഷം രൂപ സ്ഥിരവും പൂർണ്ണവുമായ അവശത-10 ലക്ഷം രൂപ സ്ഥിരവും ഭാഗീകവുമായ അവശത - 5 ലക്ഷം രൂപ അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം - 5000/- രൂപ പ്രകാരം പരമാവധി 10000/- രൂപ അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് സഹായം - പരമാവധി 25000/-രൂപ |

സെക്ഷൻ ഓഫീസർ